# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.188/PR/PIC/2018    Date : 31.07.2018

---

## സൈബർ പോലീസ് സ്റ്റേഷൻ ഇന്റർനെറ്റ് വഴിയുള്ള കുട്ടികളുടെ അശ്ലീല ദൃശ്യപ്രചരണം തടയാനുള്ള നോഡൽ സെൽ

കുട്ടികളുടെ അശ്ലീല ചിത്രങ്ങളും വീഡിയോയുമടക്കമുള്ള ഉള്ളടക്കം ഇന്റർനെറ്റുവഴിയും മറ്റും പ്രചരിപ്പിക്കുന്നതു സംബന്ധിച്ച പരാതികൾ നല്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആരംഭിച്ച ഓൺലൈൻ റിപ്പോർട്ടിങ് പോർട്ടൽ വഴി ലഭിക്കുന്ന സംസ്ഥാനത്തെ പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ സൈബർ സെല്ലായി തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനെ നാമനിർദേശം ചെയ്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ഉത്തരവായി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പദ്ധതിപ്രകാരമാണ് www.cyberpolice.gov.in എന്ന കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചത്. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ഈ പോർട്ടലിലേക്ക് കണക്ടിവിറ്റി നൽകി പോലീസ് സ്റ്റേഷനുകൾക്ക് തങ്ങളുടെ അധികാരപരിധിയിൽ നിന്നുള്ള ഇത്തരം പരാതികൾ കാണുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള സംവിധാനമാണ് നിലവിൽ വരുന്നത്.

ഇതു സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുകളുടെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശപ്രകാരമാണ് ഈ പോർട്ടലിലെ പരാതികൾ കൈകാര്യം ചെയ്യുന്നതിന് നോഡൽ സെൽ സംസ്ഥാനത്ത് നിലവിൽ വരുന്നത്. പോർട്ടൽ വഴി ലഭിക്കുന്ന സംസ്ഥാനത്ത് കൈകാര്യം ചെയ്യേണ്ട പരാതികൾ ഈ നോഡൽ സൈബർ സെല്ലിലേക്ക് സ്വമേധയാ കൈമാറ്റം ചെയ്യപ്പെടും. സംസ്ഥാനം മുഴുവൻ ഈ സെല്ലിന്റെ അധികാരപരിധിയിലായിരിക്കും. കണക്ടിവിറ്റി പൂർണമായും നിലവിൽ വരുന്നമുറയ്ക്ക് നോഡൽ സൈബർ സെൽ പരാതികൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷന് കൈമാറും.

സ്റ്റേറ്റ് ക്രൈം റെക്കോഡ്സ് ബ്യൂറോ എ.ഡി.ജി.പി. നോഡൽ ഓഫീസറായിരിക്കും. പോലീസ് സ്റ്റേഷനുകളുമായുള്ള ഏകോപനത്തിലൂടെ കേന്ദ്രീകൃത ഓൺലൈൻ പോർട്ടൽ പ്രവർത്തനസജ്ജമാക്കാനും എസ്.സി.ആർ.ബി. എ.ഡി.ജി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി.ആർ.ബി. എസ്.പി. (ഐ.സി.ടി.), തിരുവനന്തപുരം സിറ്റി ഡി.സി.ആർ.ബി. അസിസ്റ്റന്റ് കമ്മീഷണർ എന്നിവരെ നോഡൽ ഓഫീസറെ സഹായിക്കും. സൈബർഡോമിന്റെ സഹായവും സെല്ലിന് ആവശ്യമായ ഘട്ടങ്ങളിൽ ലഭ്യമാക്കും.

ഇത്തരം പരാതികൾ ഫോണിലൂടെ കൈമാറാൻ 155260 എന്ന ഹെൽപ്പ്ലൈൻ നമ്പർ തുടർന്ന് നിലവിൽ വരും.

ഐ.ടി. ആക്ടിലെ സെക്ഷൻ 79 3(b) അനുസരിച്ച്, കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ, കൂട്ട ബലാത്സംഗം ഉൾപ്പെടെയുള്ള ഉള്ളടക്കം ബ്ലോക്ക് ചെയ്യുന്നതിനോ നീക്കം ചെയ്യുന്നതിനോ ഉള്ള നടപടികളും നോഡൽ സൈബർ സെൽ സ്വീകരിക്കുമെന്നും ഉത്തരവിൽ പറയുന്നു.

****************